ദേശീയ കൃഷി ഗ്രാമവികസന ബാങ്ക് വ്യവസായ സഹകരണ സംഘങ്ങൾക്ക് നൽകിയ വായ്പ

* 125 [167] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:
,, വർക്കല രാധാകൃഷ്ണൻ:
,, ടി.കെ. അബ്ദു:
,, എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയകൃഷി ഗ്രാമവികസനബാങ്കിന്റെ ക്യാഷ് ക്രെഡിറ്റ് പദ്ധതിയനുസരിച്ച് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിലേക്കായി 1982–83, 1983–84, 1984–85 എന്നീ വർഷങ്ങളിൽ എന്തു തുകവീതം വായ്പയായി നൽകിയിട്ടുണ്ട്;

(ബി) കയർ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നതിൽ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതെങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ദേശീയ കൃഷി ഗ്രാമവികസന ബാങ്കിന്റെ ക്യാഷ് ക്രെഡിറ്റ് പദ്ധതിയനുസരിച്ച് കയർവ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിലേക്കായി താഴെപ്പറയുന്ന തുകകൾ അനുവദിച്ചു. 1982–83 482 ലക്ഷം രൂപ. 1983–84 498.76 ലക്ഷം രൂപ. 1984–85 524.76 ലക്ഷം രൂപ.

(ബി) കയർ സഹകരണ സംഘങ്ങൾക്ക് ദേശീയകൃഷി ഗ്രാമവികസന ബാങ്കിന്റെ (നബാർഡിന്റെ) സ്കീം അനുസരിച്ച് ക്യാഷ് ക്രെഡിറ്റ് അനുവദിക്കുന്നത് ബാങ്ക് റേറ്റിൽനിന്നും രണ്ടര ശതമാനം പലിശ കുറച്ചാണ്. കയർ സംഘങ്ങൾ ജില്ലാബാങ്കുകൾക്ക് കൊടുക്കേണ്ട പലിശയിൽ 6.5 ശതമാനം ഗവൺമെന്റ് സബ്സിഡിയായി നൽകുന്നു. കൂടാതെ കയർ ഫെഡറേഷൻ നൽകേണ്ട പലിശയിൽ 4.5 ശതമാനം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് സബ്സിഡിയായി ഗവൺമെന്റ് നൽകുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇന്നു കയർവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് നബാർഡിൽനിന്നും വേണ്ടത്ര വായ്പ ലഭിക്കുന്നില്ലെന്നുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ? ലോൺ കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: നബാർഡ് സ്കീം അനുസരിച്ച് ഇപ്പോൾ 147 സൊസൈറ്റികൾക്ക് ലോൺ കൊടുക്കുന്നുണ്ട്. ക്യാഷ് ക്രെഡിറ്റ് തീരുമാനിക്കുന്നതിന് അതിന്റെ പ്രീവിയസ് ഇയറിലെ പ്രൊഡക്ഷനും കൂടി ചേർത്തു 20 ശതമാനം കൂട്ടിയിട്ടുണ്ട്. അതനുസരിച്ചാണ് നബാർഡിൽനിന്നും ക്യാഷ് ക്രെഡിറ്റ് ഫെസിലിറ്റീസ് സൊസൈറ്റികൾക്ക് നൽകാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly